# GHS PAMBANAR

## 2019-20




# സാരംഗി

# ആശംസകൾ



അറിവിന്റെ ഉറവിടമായ വിദ്യാലയത്തിൽ സ്വപ്നങ്ങളും ചിന്തകളും പ്രതീക്ഷകളുമായി എത്തുന്ന ഓരോ കുട്ടിയുമാണ് നാളത്തെ നാടിനെ രൂപീകരിക്കുക.. ഓരോ കുട്ടിയും ഓരോ സർവ്വകലാശാലയാണ്. അവരിലൂടെ സർഗാത്മകതയും പുത്തൻ ആശയങ്ങളും സൃഷ്ടിക്കപ്പെടുന്നഅറിവ് മറ്റൊരാളിൽനിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടത് ആണെന്നുള്ള തിരിച്ചറിവ് നേടുമ്പോൾ കേവലമായ അറിവുകളുടെ വിനിമയത്തിനും അപ്പുറം അധ്യാപകരുടെയും വിദ്യാർത്ഥിയുടെയും സജീവവും സമ്പൂർണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശു കേന്ദ്രവുമായ ഒരു വിദ്യാഭ്യാസ പ്രക്രിയ സാധ്യമാകും . വിവര വിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്കുവഹിക്കാനാവും എന്ന ബോധ്യത്തിൽ നിന്ന് വൈദഗ്ധ്യവും അഭിരുചിയുമുള്ള കുട്ടികളെ അംഗങ്ങളാക്കി 'ലിറ്റിൽ കൈറ്റ്സ്' എന്ന ഐടി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയത്. ഇതിൻെറ ഭാഗമായി നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഇ-മാഗസിൻ പുതു ചിന്തകൾ കൊണ്ടും, ആശയങ്ങൾ കൊണ്ടും സമ്പന്നമാണ്.

**എല്ലാവിധ ആശംസകളും നേരുന്നു.**

**എം . രമേഷ്**

**ഹെഡ്മാസ്റ്റർ**

# സ്റ്റുഡന്റ് എഡിറ്റോറിയൽ



ഇത് ആസുരതയുടെ കലങ്ങിയ കാലം. പറയാനും, കേൾക്കാനും ഇന്ന് ആർക്കും സമയമില്ലാതായിരിക്കുന്നു. ഇവിടെ അക്ഷരങ്ങൾ ചിലപ്പോൾ അഭയവും ആശ്വാസവുമാണ്. ഒരിലത്തണലിന്റെ അഭയം പോലെ, വാക്കുകളും വരികളും വിറങ്ങലിച്ചു നിൽക്കുന്ന ഈ ദശാസന്ധിയിൽ ഈ പുസ്തകം നിങ്ങൾക്കായി തുറന്നു വയ്ക്കുകയാണ്.എന്റെയും, നിങ്ങളുടേയും തിരിച്ചറിവിൻറെ പകർത്തിയെഴുത്താണി കൊച്ചുപുസ്തകം. ഒരുപാട് പകലിരവുകളുടെ അക്ഷീണമായ പ്രയത്നത്തിന്റെ ധന്യമായ പരിസമാപ്തി. സന്തോഷത്തോടെ.......

എസ്.ആർ. രാംകിഷോർ

ലിറ്റിൽ കൈറ്റ്സ് സെക്രട്ടറി

## ഉള്ളടക്കം

പാമ്പനാർ സ്കൂൾ അന്നുമുതൽ ഇന്നുവരെ......6
സ്കൂൾ പി ടി എ......7
SCHOOL FECILITIES......8
ലിറ്റിൽ കൈറ്റ്സ്......8
STUDENTS POLICE CADET......9
സയൻസ് ലാബ്......10
സ്മാർട്ട് ക്ലാസ്സ് റൂം......11
സ്കൂൾ ലൈബ്രറി......12
സ്കൂൾ ബസ്സ്......13
ആധുനിക പാചകപ്പുരയും നവീകരിച്ച ഭക്ഷണശാലയും......14
മലയാളത്തിളക്കം......15
ശ്രദ്ധ......15
സുരിലി ഹിന്ദി......15
ക്ലബ്ബ് പ്രവർത്തനങ്ങൾ......16
ഗണിതശാസ്ത്രക്ലബ്ബ്......16
സോഷ്യൽസയൻസ് ക്ലബ്......16
സാഹിത്യ ക്ലബ്......16
സയൻസ് ക്ലബ്ബ്......17
ജൂനിയർ റെഡ് ക്രോസ്......17
ഹെൽത്ത് ക്ലബ്ബ്......18
......18
സ്കൂൾ കൗണ്സിലിംഗ് പ്രോഗ്രാം......18
ഗണിതോത്സവം......19
അമ്മയും കുഞ്ഞും......20
......21
வானம் பார்த்த பூமி......21
ICE CREAM......22
தன்னம்பிக்கை......23
ജീവിത യാത്ര......24
பூக்கள்......25
MY LOVE FOR NATURE......26
தொலைபேசி......27
......28
എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം......28
ON THE WINGS OF A BUTTERFLY......29
காடு......30
......31
പുഞ്ചിരി......31

സ്നേഹമേ..............32
എന്റെ അമ്മ..............33
புத்தகங்கள்..............34
*ART PAGE*..............35
പ്രകൃതീ നീ എത്ര സുന്ദരം..............37
வெளிச்சம்..............38
..............38
BIODIVERSITY..............39
SCHOOL EVENTS..............40

# പാമ്പനാർ സ്കൂൾ അന്നുമുതൽ ഇന്നുവരെ

1953-ൽ സ്ഥാപിതമായ പാമ്പനാർ ഗവൺമെൻറ് എൽ പി സ്കൂൾ 1972-ൽ യുപി സ്കൂളായി ഉയർത്തുകയും, 2010 -11 ആർ. എം. എസ്. എ പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈസ്കൂളായി മാറുകയും ചെയ്തു. കർമ്മനിരതനായ അധ്യാപകരും പിടിഎയും ആണ് ഈ സ്കൂളിന്റെ കരുത്ത് 2017-18 അധ്യയനവർഷം പി ടി. എ കമ്മറ്റിയുടെ തീരുമാനപ്രകാരം പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിച്ചു.

പഠനത്തോടൊപ്പം തന്നെ പാഠ്യേതര പ്രവർത്തനങ്ങളിലും സ്തുത്യർഹമായ നേട്ടങ്ങളാണ് ഈ സ്കൂൾ കൈവരിച്ചുകൊണ്ടിരിക്കുന്നത്. കലാ, കായിക മേഖലകളിൽ സബ്ജില്ല, ജില്ലാ മത്സരങ്ങളിൽ കുട്ടികൾ പങ്കെടുക്കുകയും മികച്ച നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു. കുട്ടികളുടെ ഭാഷ, ശാസ്ത്ര നൈപുണിശേഷി വർദ്ധിപ്പിക്കുന്നതിനായി മലയാളത്തിളക്കം, ഗണിതോൽസവം, ശാസ്ത്രോത്സവം, നവപ്രഭ,ശ്രദ്ധ,എഴുത്തുസുടർ,അക്ഷരപ്രഭ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.




**2017-18 അധ്യയവർഷത്തിൽപത്താംക്ലാസ്സിൽ പരീക്ഷയെഴുതിയ എല്ലാകുട്ടികളും വിജയിച്ചു എന്നത് വലിയ നേട്ടമാണ്.സ്കൂളിലെ പഠനനിലവാരത്തെ ഉയർത്തിക്കാട്ടുന്നതാണ് ഈ വിജയം ഉന്നതനിലവാരത്തിലുള്ള അധ്യാപകരാണ് ഇവിടെ ക്ലാസുകൾ നയിക്കുന്നത്.ഈവർഷവും പത്താംക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി രാവിലെയും വൈകുന്നേരങ്ങളിലും പ്രത്യേക ക്ലാസ്സുകൾ നടത്തുന്നു. കൂടാതെ രാത്രികാല ക്ലാസുകളും നടത്തിവരുന്നു.**

# സ്കൂൾ പി ടി എ

സ്കൂളിൻെറ നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് പി ടി എ പ്രധാന ഘടകമാണ്. തോട്ടം മേഖലയിലെ ബഹുഭൂരിപക്ഷം വരുന്ന തോട്ടം തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന ഈ സ്കൂളിൽ എല്ലാ പരിമിതികളെയും അതിജീവിച്ച് നേടുന്ന വിജയങ്ങളെല്ലാം മികച്ചതാണ്. സ്കൂളിൻെറ വിവിധ ഘട്ടങ്ങളിലുള്ള വളർച്ചക്ക് സഹായകമായി നിന്ന ജനപ്രതിനിധികളുടെയും,പി ടി എ യുടെയും സഹകരണം എടുത്തു പറയേണ്ട കാര്യമാണ്.



**2017-18 അധ്യയനവർഷം ജില്ലയിലെ മികച്ച പി. ടി. എ. ക്കുള്ള അവാർഡ് നമ്മുടെ സ്കൂളിന് ലഭിച്ചു എന്നത് വലിയ നേട്ടമാണ്.**

# SCHOOL FECILITIES

## ലിറ്റിൽ കൈറ്റ്സ്




2017- 18 അധ്യയനവർഷം  കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ അംഗീകാരത്തോടെ  ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് നമ്മുടെ സ്കൂളിൽ ആരംഭിച്ചു. ഇതിൽ അംഗമായ വിദ്യാർഥികൾക്ക് വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരം ലഭിച്ചു . ഗ്രാഫിക്സ് & ആനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിങ് , പൈത്തൺ പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമാണം, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്,  ഹാർഡ് വെയർ, മലയാളം കമ്പ്യൂട്ടിങ്ങും, ഡെസ്ക്ടോപ്പ് പബ്ലിഷിംങ്ങും, ഇൻറർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ് തല പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതിൽ  മികവുപുലർത്തിയ കുട്ടികൾക്ക് സബ്ജില്ലാതല ക്യാമ്പുകളിൽ ഉയർന്ന പരിശീലനം ലഭിച്ചു.  യൂണിറ്റ് തല പരിശീലനം  എല്ലാ ബുധനാഴ്ചകളിലും സ്കൂളിൽ നടത്തിവരുന്നു. കൂടാതെ കുട്ടികളുടെ സർഗ്ഗാത്മകത പ്രയോജനപ്പെടുത്തി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സ്കൂളിന്റെ ഒരു ഇ-മാഗസിൻ തയ്യാറാക്കി.

# STUDENTS POLICE CADET





2019-20 അധ്യയനവർഷം STUDENTS POLICE CADET നമ്മുടെ സ്കൂളിൽ ആരംഭിച്ചു. കുട്ടികളുടെ അച്ചടക്കം ഉറപ്പുവരുത്തുന്നതിന് ഇതിലൂടെ സാധിച്ചു. കായിക ക്ഷമതയും ,നേതൃത്വപാടവും കുട്ടികളിൽ വളർത്തുന്നതിനും ഇതിന്റെ പരിശീലനത്തിലൂടെ സാധിക്കുന്നു. 8-ാംക്ലാസ്സിലെ 44 കുട്ടികളാണ് ഇതിൽ അംഗമായിട്ടുള്ളത്. SPC യുടെ ഉത്തരവാദിത്വമുള്ള അധ്യാപകരുടെയും,ഉദ്യോഗസ്ഥരുടെയും നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള മികച്ച പരിശീലനം കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നു.

# സയൻസ് ലാബ്



2019-20 അധ്യയനവർഷം വിവിധ ഗ്രാൻറുകൾ ഉപയോഗിച്ച് നവീകരിച്ച സയൻസ് ലാബിൽ വച്ചാണ് ശാസ്ത്രവിഷയ പഠനം നടക്കുന്നത്. 45 കുട്ടികൾക്ക് ഇരുന്നു പഠിക്കുവാനും, പരീക്ഷണങ്ങൾ നടത്തുവാനും ഉള്ള സൗകര്യം ഉണ്ട്. സയൻസ് വിഷയവുമായി ബന്ധപ്പെട്ട് സയൻസ് ക്ലബ്ബ് പ്രവർത്തിച്ചുവരുന്നു. ശാസ്ത്രസംബന്ധമായ സംശയനിവാരണത്തിനും ആശയ രൂപീകരണത്തിനും ഇത് സഹായിക്കുന്നു. എല്ലാവർഷവും ശാസ്ത്ര ലാബിൽ സയൻസ് അധ്യാപകരുടേയും ശാസ്ത്ര ക്ലബ് അംഗങ്ങളുടെയും നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വേണ്ടി ശാസ്ത്ര പ്രദർശനം നടത്തുന്നു. ഉപജില്ലാ ശാസ്ത്രമേളയിൽ വിവിധ വിഭാഗത്തിൽനിന്നും നിരവധി കുട്ടികൾ പങ്കെടുക്കുകയും ജില്ലാ തല മത്സരത്തിലേക്ക് യോഗ്യത നേടുകയും ചെയ്തു

# സ്മാർട്ട് ക്ലാസ്സ് റൂം



സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ഹൈടെക് പദ്ധതിയുടെ ഭാഗമായി ജില്ലാ പഞ്ചായത്തിൻെറ സഹായത്തോടെ ഹൈസ്കൂൾ വിഭാഗത്തിലെ എല്ലാ ക്ലാസ് മുറികളുടെയും അറ്റകുറ്റപ്പണികൾ നടത്തുകയും തറയിൽ ടൈൽ പതിക്കുകയും ചെയ്തു. കൈറ്റിൻെറ സഹകരണത്തോടുകൂടി ഹൈസ്കൂൾ വിഭാഗത്തിലെ എല്ലാ ക്ലാസ് മുറികളിലും ലാപ്ടോപ്പ് പ്രോജക്ടർ സ്മാർട്ട് ബോർഡ് സൗണ്ട് സിസ്റ്റം ഇൻറർനെറ്റ് കണക്ഷൻ എന്നിവ ലഭ്യമായതിനാൽ എല്ലാ അധ്യാപകർക്കും ഇവയുടെ സഹായത്തോടെ മികച്ച രീതിയിൽ അധ്യയനം നടത്തുന്നതിന് സാധിക്കുന്നു. വിപുലമായ സൗകര്യത്തോടുകൂടി ഉള്ള കമ്പ്യൂട്ടർ ലാബ് കുട്ടികളുടെ കമ്പ്യൂട്ടർ പരിശീലനത്തിനായി സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്.

# സ്കൂൾ ലൈബ്രറി




പാമ്പനാർ ഗവൺമെൻറ് ഹൈസ്കൂളിലെ അറിവിന്റെ ഉറവിടമാണ് സ്കൂൾ ലൈബ്രറി. കുട്ടികളുടെ വിജ്ഞാന മേഖലയെ കൂടുതൽ വിസ്തൃതം ആക്കുന്നതിൽ നമ്മുടെ ലൈബ്രറിയുടെ പങ്ക് ശ്രദ്ധേയമാണ്. മലയാളം തമിഴ് ഇംഗ്ലീഷ് ഹിന്ദി ഭാഷകളിലായി അയ്യായിരത്തിലധികം പുസ്തകങ്ങളുടെ വിപുലമായ ശേഖരം നമുക്കുണ്ട്. കുട്ടികൾ അവരുടെ ജന്മദിനത്തിൽ സ്കൂൾ ഗ്രന്ഥശാലയിലേക്ക് പുസ്തകങ്ങൾ സമ്മാനമായി നൽകുന്നു.

# സ്കൂൾ ബസ്സ്




ബഹുമാനപ്പെട്ട പീരുമേട് എം.എൽ.എ ശ്രീമതി ഇ എസ് ബിജിമോൾ, ബഹുമാനപ്പെട്ട ഇടുക്കി എം.പി ശ്രീ ജോയ്സ് ജോർജ് എന്നിവരുടെ വികസനഫണ്ടിൽ നിന്നും അനുവദിച്ച സ്കൂൾ ബസ്സുകളിൽ കുട്ടികൾക്ക് സുരക്ഷിതമായി യാത്രചെയ്യാൻ സാധിക്കുന്നു. തോട്ടം മേഖലയിൽ നിന്ന് വന്നു പഠിക്കുന്ന കുട്ടികളാണ് നമ്മുടെ സ്കൂളിൽ അധികവും അവർക്ക് സ്കൂൾ ബസ് വളരെ ഉപകാരപ്രദമാണ്.

# ആധുനിക പാചകപ്പുരയും നവീകരിച്ച ഭക്ഷണശാലയും



പാമ്പനാർ ഗവൺമെൻറ് ഹൈസ്കൂളിന്റെ ചിരകാലാഭിലാഷമായിരുന്ന പാചകപ്പുര എം. എൽ. എ ഫണ്ട് ഉപയോഗിച്ച് ആധുനിക സൗകര്യങ്ങളോടെ പുതുക്കിപ്പണിയാൻ സാധിച്ചു. അതോടൊപ്പം എല്ലാ കുട്ടികൾക്കും സൗകര്യപ്രദമായി ഇരുന്ന ഭക്ഷണം കഴിക്കുന്നതിനായി ഭക്ഷണശാലയും തയ്യാറാക്കി.

## മലയാളത്തിളക്കം

നമ്മുടെ ക്ലാസ്സുകളിലെ ഭാഷാ പഠന നിലവാരം ഉയർത്തുന്നതിന് ആവിഷ്കരിച്ച ഭാഷാ പദ്ധതിയാണ് മലയാളത്തിളക്കം. ശക്തമായ ഭാഷാനുഭവം ഒരുക്കി ഈ സ്കൂളിലെ മുഴുവൻ കുട്ടികളേയും മലയാളം എഴുതുവാനും വായിക്കുവാനും പ്രാപ്തരാക്കിയ ഒന്നാണിത്. ഓരോ കുട്ടിക്കും വ്യക്തിഗത ശ്രദ്ധ നൽകിയ ഈ സമീപനത്തിന് രക്ഷിതാക്കളിൽനിന്ന് മികച്ച പിന്തുണയാണ് ലഭിച്ചത്. പഠനപ്രവർത്തനങ്ങളുടെ വൈവിധ്യം, ഐ ടി സാങ്കേതികവിദ്യ, തൽസമയ പിന്തുണ കുട്ടികൾക്ക് എന്നിവ ഇതിന്റെ പ്രത്യേകതയാണ്.

## ശ്രദ്ധ

മൂന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനു വേണ്ടി ആവിഷ്കരിച്ച സമഗ്ര ഭാഷാ പദ്ധതിയാണ് ശ്രദ്ധ. ശാസ്ത്രത്തിൻെറ ആസ്വാദനതലം തിരിച്ചറിഞ്ഞ് ഓരോ കുട്ടിക്കും ശാസ്ത്ര പ്രതിഭയായി വളരുവാൻ അനുയോജ്യമായ പഠനാന്തരീക്ഷം ഓരോ കുട്ടിക്കും നൽകുകയാണ് ശ്രദ്ധാ പദ്ധതിയിലൂടെ ലക്ഷ്യവയ്ക്കുന്നത്. ഇതുപോലെ ഭാഷ ,ഗണിതം, സാമൂഹ്യശാസ്ത്രം ,ഹിന്ദി തുടങ്ങിയ വിഷയങ്ങളിലും മികവു പുലർത്തുവാൻ സാധിക്കുന്ന വിധത്തിലാണ് ശ്രദ്ധ നടപ്പിലാക്കിയത്.

## സുരിലി ഹിന്ദി

രാഷ്ട്രഭാഷയായ ഹിന്ദിയിൽ കുട്ടികൾക്ക് താല്പര്യം ജനിപ്പിക്കുന്നതിൻെറ ഭാഗമായി സുരേലി ഹിന്ദി ബി ആർ സി തലത്തിലുള്ള പരിശീലനം നമ്മുടെ സ്കൂളിൽവച്ച് നടത്തപ്പെട്ടു. പീരുമേട് സബ് ജില്ലയിലെ മുപ്പതോളം അധ്യാപകരും, നമ്മുടെ സ്കൂളിലെ ആറാം ക്ലാസിലെ 20 കുട്ടികളും ആദ്യഘട്ട പരിശീലനപരിപാടിയിൽ പങ്കെടുത്തു.

# ക്ലബ്ബ് പ്രവർത്തനങ്ങൾ

## ഗണിതശാസ്ത്രക്ലബ്ബ്

ഗണിതപഠനത്തിൽ കുട്ടികൾക്ക് താൽപര്യം വർധിപ്പിക്കുന്നതിനും ഗണിത പഠനം രസകരം ആക്കുന്നതിനും ആയി സ്കൂൾ തലത്തിൽ ഗണിതശാസ്ത്രക്ലബ്ബ് പ്രവർത്തിച്ചുവരുന്നു. സ്കൂളിൽ പ്രദർശിപ്പിച്ചിട്ടുള്ള ഗണിത ബോർഡ് കുട്ടികളുടെ ഗണിത ആശയങ്ങൾ പങ്കുവയ്ക്കുന്നതിനുതകുന്നു. ഗണിതശാസ്ത്രമേളയിൽ മികച്ച പ്രകടനം നടത്തിയവർ സബ്ജില്ലാ തലത്തിൽ പങ്കെടുത്തു ഗ്രേഡുകൾ നേടി. ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ പ്രായോഗിക ജീവിതത്തിലെ ഗണിതം കുട്ടികൾ ആസ്വദിക്കുന്നു.

## സോഷ്യൽസയൻസ് ക്ലബ്

പാമ്പനാർ ഗവൺമെൻറ് ഹൈസ്കൂളിലെ സോഷ്യൽസയൻസ് ക്ലബ്ബിൻറെ പ്രവർത്തനങ്ങൾ പ്രഥമാധ്യാപകൻ ശ്രീ എം. രമേശ് ഉദ്ഘാടനം ചെയ്തു. തുടർന്ന് ക്ലബ്ബ് പ്രവർത്തനങ്ങളുടെ ആസൂത്രണം നടന്നു. രാജ്യത്തിൻറെ സ്വാതന്ത്ര്യദിനം ഉചിതമായി ആഘോഷിച്ചു. ക്ലാസ് മുറികളിൽ സോഷ്യൽ സയൻസ് കോർണർ ആരംഭിച്ചു.

## സാഹിത്യ ക്ലബ്

കുട്ടികളിൽ ഭാഷാസ്നേഹവും സർഗാത്മകതയും വളർത്തുക എന്ന ലക്ഷ്യത്തോടെ സാഹിത്യ ക്ലബ് പ്രവർത്തിച്ചുവരുന്നു. കുട്ടികളുടെ സാഹിത്യസൃഷ്ടികൾ പ്രദർശിപ്പിച്ചുകൊണ്ട് സാഹിത്യ ക്ലബ്ബിന്റെ ബോർഡ് ഓരോ ദിനവും സജീവമാണ്.സ്കൂൾ കലോത്സവത്തിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ക്ലബ്ബ് സജീവമായി. ക്ലബ്ബിൻറെ പ്രവർത്തനങ്ങൾ വളരെ താൽപര്യത്തോടും കൂടി തുടരുന്നു.

## സയൻസ് ക്ലബ്ബ്

നിരന്തരമായ അന്വേഷണങ്ങളിലൂടെയാണ് ഇന്നത്തെ ശാസ്ത്രലോകം രൂപപ്പെട്ടിട്ടുള്ളത്. നിരീക്ഷിക്കാനും പരീക്ഷിച്ചുനോക്കാനും ലഭിക്കുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നത് പുതിയ കണ്ടെത്തലുകളിലേക്ക് നയിക്കുന്നു. അതിനാൽ കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനുള്ള ശക്തമായ ഇടപെടലുകൾ സ്കൂളുകളിൽ നടത്തേണ്ടതാണ്. ഇതിൽ ശാസ്ത്ര ക്ലബ്ബുകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ് . ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് ദിനാചരണങ്ങൾ സയൻസ് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. ജൂൺ 5 പരിസ്ഥിതിദിന അസംബ്ലിയിൽ കുട്ടികൾ പരിസ്ഥിതിദിന ഗാനങ്ങൾ ആലപിക്കുകയും ദിനത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടുള്ള പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. കുട്ടികളെയും രക്ഷകർത്താക്കളെയും ലബോറട്ടറി ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നതിനായി ശാസ്ത്രോപകരണങ്ങൾ നിർമ്മിച്ച് പ്രദർശിപ്പിച്ചു.

## ജൂനിയർ റെഡ് ക്രോസ്

ആഗോള സമാധാനവും വിശ്വ നന്മയും ജീവകാരുണ്യ പ്രവർത്തനങ്ങളും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഏറ്റവുംവലിയ അന്താരാഷ്ട്ര സംഘടനയാണ് റെഡ് ക്രോസ്. ഈ സംഘടന 1863 ഒക്ടോബർ 26 ന് ജനീവക്കാരനായ ജീൻ ഹെൻട്രി ഡ്യൂനാന്റ് ആണ് രൂപീകരിച്ചത്. അന്തർദേശീയ റെഡ് ക്രോസിന്റെ വിദ്യാർഥി വിഭാഗമാണ് ജൂനിയർ റെഡ് ക്രോസ് അഥവാ ജെ .ആർ. സി. ജീവകാരുണ്യം, പൗരബോധം, വ്യക്തിത്വ വികസനം, ആരോഗ്യരക്ഷ എന്നീ രംഗങ്ങളിലാണ് ജൂനിയർ റെഡ് ക്രോസിന്റെ പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. കുട്ടികളിൽ പരസ്പരസ്നേഹം, സഹാനുഭൂതി, സഹകരണമനോഭാവം, ശുചിത്വ ശീലം മുതലായ സദ്ഗുണങ്ങൾ വളർത്തി അവരെ ഉത്തമ പൗരന്മാരാക്കുകയാണ് ജൂനിയർ റെഡ് ക്രോസിന്റെ ലക്ഷ്യം.

## ഹെൽത്ത് ക്ലബ്ബ്

വിദ്യാർഥികളിൽ വ്യക്തിശുചിത്വവും പരിസര ശുചിത്വവും വളർത്തുക അതിലൂടെ ആരോഗ്യമുള്ള ശരീരവും ആരോഗ്യമുള്ള മനസും ഉണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിക്കപ്പെട്ടതാണ് ഹെൽത്ത് ക്ലബ്ബ്. വണ്ടിപ്പെരിയാർ പി എച്ച് സി യിലെ ജയമോഹൻ സാർ കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തെ കുറിച്ചും അവർ കഴിക്കേണ്ട പോഷകാഹാരങ്ങൾ എന്തെല്ലാം എന്നും വിശദീകരിച്ചു .സ്കൂൾ പരിസരവും ഭക്ഷണശാലയും ശുദ്ധീകരിക്കുന്നതിൽ ക്ലബ്ബ് അംഗങ്ങൾ വളരെയധികം ശ്രദ്ധ ചെലുത്തുന്നുണ്ട്.

## സ്കൂൾ കൗണ്സിലിംഗ് പ്രോഗ്രാം

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ സംയോജിത ശിശുവികസന വകുപ്പ് മുഖേനയാണ് ഇത് നടപ്പിലാക്കിവരുന്നത്. കുട്ടികൾക്ക് വ്യക്തിഗത കൗൺസിലിങ്ങിനോടൊപ്പം, ഗ്രൂപ്പ് കൗൺസിലിംഗ്, ഫാമിലി കൗൺസിലിംഗ് എന്നിവയും ആവശ്യാനുസരണം ലഭ്യമാക്കുന്നു.

# ഗണിതോത്സവം










ഞങ്ങളുടെ സ്കൂളിൽ പീരുമേട് BRC യുടെ നേതൃത്വത്തിൽ ഗണിതോത്സവം നടത്തപ്പെട്ടു. മൂന്ന സ്കൂളുകളിലെ കുട്ടികൾ വളരെ ഉത്സാഹത്തോടെ പങ്കെടുത്തു. ദൈനംദിന ജീവിതത്തിലുപയോഗിക്കുന്ന ഗണിതാശയങ്ങൾ കുട്ടികൾ പങ്കുവച്ചു. തയ്യലിലെ ഗണിതം, ആശാരിപ്പണിയിലെ ഗണിതം, സ്ഥലം അളക്കുന്നതിലെ ഗണിതം തുടങ്ങിയ മേഖലകളെല്ലാം കുട്ടികൾ മനസ്സിലാക്കി.

# അമ്മയും കുഞ്ഞും

മിണ്ടിതുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിൻമേൽ അമ്മിഞ്ഞ പാലോടൊപ്പം
അമ്മതൻ വാത്സ്യല്യമേകുന്നതുകാണാൻ
എന്തൊരു ആഗ്രഹം നമ്മുടെയുള്ളിൽ
താരാട്ടു പാടി തരുന്നതുപ്പോലെ
താനുറങ്ങുന്നതും എന്തൊരു സുഖം തന്നെ
മിണ്ടിതുടങ്ങുമ്പോൾ അമ്മ എന്ന വാക്കുകേൾക്കാൻ
കൊതിക്കുന്നൊരായിരം പേർ
കുഞ്ഞുകരയുമ്പോൾ അമ്മുടെയുള്ളിൽ
ആധികൊണ്ട് നിറയുന്നതുകാണാം.

JOSHNA.K.R
VIII

# வானம் பார்த்த பூமி



மெல்ல இருண்டு விட்ட வானம்....
சூழ்ந்து வரும் கார் மேகங்கள்.....
மண்ணை சுழற்றி கொண்டு வீசும் ஈரக்காற்று........
ஏக்கங்கள் தீர்த்து வைத்த இடியின் பேரொளி....
இதை கவனித்துக் கொண்டே முகத்தில்
வீழ்ந்த மழைத்துளியுடன் தன் கண்ணீரையும்
துடைத்துக்கொண்ட விவசாயி.......
அவன் உள்ளம் பூரிப்பில்
எங்களது வானம் பார்த்த பூமி.....

CHRISTEENA
XB

# ICE CREAM

Ice cream in loud
Ice cream in cone
Ice cream any way I want
As long as its my own
Ice cream can be sticky
Ice cream can be sweet
Ice cream is delicious
It's my very favourite treat.

ACHU . A
VII. B

# தன்னம்பிக்கை

விதைகள் கீழ்நோக்கி
எறியப்பட்டால் தான்
விருட்சங்கள் மேல்
நோக்கி வளரும்....
விழும்போது
விதையென விழு....
எழும் போது
விருட்ச்சமாய் எழு....

Rekha.k
X . B

# ജീവിത യാത്ര

ജീവിതം ഒരു യാത്രയാണ്. ഓരോ ദിവസവും കഴിയുന്തോറും ജീവിത നാഴികക്കല്ലുകളോട് യാത്ര പറഞ്ഞ് നാം സമാപനത്തോട് കൂടുതൽ അടുക്കുന്നു.ഓരോ നിമിഷവും ഓരോ മണിക്കൂറും ഓരോ ദിവസവും കഴിയുന്നതോടൊപ്പം നാമും ഏതോ പ്രത്യേക സ്ഥലത്തേക്കു നീങ്ങുകയാണ്. കേവലം എഴുപതോ എൺപതോ വർഷങ്ങൾ കഴിയുമ്പോൾ ഈ യാത്ര അവസാനിക്കുകയും ചെയ്യും

ഏതു ജാതിക്കാരനും ഭാഷക്കാരനും ദേശക്കാരനും ധനികനും ദരിദ്രനും സ്ത്രീയും പുരുഷനും ഒരു പോലെ യാത്രയിലാണ്.ഈ യാത്രയ്ക്ക് ജാതി മത ധന നിറ വ്യത്യാസമില്ല.നാം ജനിച്ച് ബാല്യത്തിലെത്തുകയും അനന്തരം യൗവ്വനത്തിലേക്കും വാർദ്ധക്യത്തിലേക്കും നീങ്ങുകയും ചെയ്യുന്നു. തുടർന്ന് മരണത്തെ അഭിമുഖികരിക്കുന്നു. ഒരു വ്യത്യാസവുമില്ല.

ജീവിത യാത്രയുടെ അന്ത്യത്തിൽ നമ്മുടെ ഭാരങ്ങൾ തോളിൽ നിന്ന് അഴിച്ച് മാറ്റപ്പെടുന്നു.അതിർത്തിയിലെ കാവൽ ഭടന്മാർ[മാലാഖമാർ]അവ ഒന്നും കൊണ്ട് പോകാൻ അനുവദിക്കില്ല.നമ്മുടെ യാത്രയിൽ സമ്പാദിച്ച ധനം, ജ്ഞാനം, വിദ്യ യശസ്സ് അധികാരം ,പുത്രി, പുത്രന്മാർ, ഭാര്യ,ഭർത്താവ്,വസ്തുവക ഇവയെല്ലാം മാലാഖമാർ പരിശോധനയ്ക്ക് വിധേയമാക്കും. നാം പ്രാണനോളം സ്നേഹിച്ച അനേക സ്നേഹഭാജനങ്ങളെ അവസാനം നിരാശയോടുകൂടി യാത്രപറഞ്ഞ് ഉപേക്ഷിക്കേണ്ടിവരുന്നു. എത്രയോ ദയനീയമാണിത്. അവസാന നിമിഷത്തിൽ നാം സകലതിനോടും യാത്ര പറയണം.

"ഇഹത്തിലെ ധനം-സുഖം- യശസ്സുമായി-ജാത്യവും

വഹിച്ചുകൊണ്ട് പോകയില്ല മർത്ത്യനന്ത്യ-യാത്രയിൽ

അഹന്തകൊണ്ടഴപെട്ടിടാത്ത പുണ്യമൊ-ന്നുതാൻ

മഹത്തരം പ്രയോജനം പരത്തിലും വരുത്തിടും"

മീനാക്ഷി . എം , X . A

## பூக்கள்

காலை நேரம் பூத்த பூவே
என் மனதில் வீசும் உன் மனமே
நீ அழகா உன் மனம் அழகா
என் கண்ணில் வரும் மணிதுளிகள்
உன் இதழ்களில் வந்து விழுவது ஏன்?

## நட்பு

நட்பு என்பது தேன் கூடு
அதை கட்டி காப்பது
பெறும்பாடு பிரிவு என்பது
கிடையாது அதை பிரித்தால்
என் மனம் தாங்காது

ஜெயகலா வி, 9 B

# MY LOVE FOR NATURE

I love the sound of birds
So early in the morn,
I like the sound of puppies soon
After they are born.

I love the smell of flowers
And the taste of honey from bees
I love the sound the wind makes
When it is blowing through the trees.

I love the way the sky looks on a
bright and sunny day,
And even when it's rainy,
I love the shades of grey.

Anila mathew
VIII C

# தொலைபேசி

பேராற்றலும்
பெரும்  நம்பிக்கையும் உள்ள
நண்பர்களே!
நாமொரு அழகிய அலைபேசி
சில வித்தியாசங்கள்தான் நமக்கும்
அலைவரிசைகள்தான்
நம்மை இயக்குகின்றன
நம்பிக்கை அலைவரிசை
நம்முடைய
ஒவ்வொரு வினாடிக்கும்
விலை இருக்கிறது
தொலைபேசி போல்

DEEPIKA
X . B

## എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം

എവിടെ നോക്കിയാലും മാലിന്യം. വീട്ടുകളിൽ,പൊതുസ്ഥലങ്ങളിൽ,ആശുപത്രി പരിസരങ്ങളിൽഎവിടെയും. മാലിന്യക്കുമ്പാരങ്ങൾ കേരളത്തെ ഒരുചവറ്റുകുട്ടയായി മാറ്റിക്കൊണ്ടിരിക്കുകയാണ്. മാലിന്യ നിർമ്മാർജ്ജനം നാം ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്.

ആരോഗ്യ സംരക്ഷണത്തിന്റെയും സാക്ഷരതയുടെയും,കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്.എന്നാൽ മാലിന്യ സംസ്കരണത്തിലും, പരിസര ശുചീകരണത്തിലും കേരളം വളരെ പിന്നിലാണ്.പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് കേരളീയരുടെ ഒരു പുതിയ രീതിയാണ്.പകർച്ചപനിയും മറ്റ് മാറാവ്യാധികളും കേരളത്തിൽ പടർന്നുപിടിക്കാൻ കാരണം കേരളീയരുടെ ശുചിത്വമ്ല്ലായ്മയാണ് .ജൈവ മാലിന്യങ്ങൾ പ്ലാസ്റ്റിക്കുമായി കൂട്ടിക്കലർത്താതെ തരംതിരിച്ച് അതാത് ഇടങ്ങളിൽതന്നെ കംപോസ്റ്റോ,ബയോഗ്യാസോ ആക്കി മാറ്റാം.

സ്വന്തം മാലിന്യം തന്റെ ഉത്തരവാദിത്വമായി കരുതുന്ന പൗരബോധമുള്ള ഒരു തലമുറ രൂപപ്പെട്ടാൽ മാത്രമേ ദൈവത്തിന്റെ സ്വന്തം നാടെന്ന് നാം വിളിക്കുന്ന കേരളം മാലിന്യമുക്തമാകൂ.അതിന് സ്വാർത്ഥത എന്ന വലിയ മാലിന്യം നമ്മുടെ മനസ്സുകളിൽനിന്ന് ആദ്യമേ എടുത്തു മാറ്റേണ്ടിയിരിക്കുന്നു.

**അച്ചു. എ**
VII B

# ON THE WINGS OF A BUTTERFLY

Your friendship is special
Like the flowers that bloom
Or when a butterfly emerges
From within it's cocoon
you remind me of that butterfly
Loving and free
Bright and colourful
For the world to see
We will share sunshine and rainbows
Sometimes the rain and the snow
We will stand together through it
While the cold winds blow
When the time is right
We won't stop to ask why
Our friendship will take flight
On the wings of the butterfly.

Achu . A

VII B

## காடு

சிறு விதையென மண்ணில் தோன்றி
பல வேர்களென நிலத்தில் ஊன்றி
ஒரு செடியாக வளர்ந்தாய்
பெரும் வனமென பெயர்கள் கொண்டாய்

பச்சை கம்பளமென நிறங்கொண்டு
பசுமை என உயிர்தந்து
காத்திட தோன்றிய வனமே
உனக்கென அர்பனம் ஏழையின் மனமே

## காற்று

எங்கு எதை
தொலைத்தோ
தெரியவில்லை
யார் கண்ணுக்கும்
தெரியாமல்
எதையோ தேடி
தினமும் போகிறது "காற்று"

தீபிகா 10 **B**

# പുഞ്ചിരി

മാനവരാശിയുടെ ചുണ്ടിലെ ഏറ്റവും മധുരമായ ആനന്ദം പുഞ്ചിരി. അത്പ്രതീക്ഷയും സ്നേഹവും കൊണ്ട് നിർഭരമാകുന്നു.എല്ലാവർക്കും നൽകാവുന്ന ഏറ്റവും നല്ല സമ്മാനമാണ് പുഞ്ചിരി.ഈ ലോകത്ത് ഒന്നും ഇല്ലാത്തവർക്ക് ദൈവത്തിന്റെ സമ്മാനമാണ് പുഞ്ചിരി.

ജീവിതത്തിൽ എന്ത് ഏത് എത്രകാലം ഉണ്ടാകുമെന്ന് ആർക്കും പറയാൻ കഴിയില്ല. ഇന്ന് സുന്ദരമായി തോന്നുന്നതിന് നാളെ അത്ര ഭംഗി ഉണ്ടാവണം എന്നും ഇല്ല. എന്നാൽ നമ്മുടെ ചുണ്ടിൽ വിരിയുന്ന പുഞ്ചിരിക്ക് ഭംഗി എന്നും ഉണ്ടാവും.പുഞ്ചിരിക്കുന്നതിൽ എന്തിന് പിശുക്ക് കാണിക്കണം. ഭംഗിയുള്ള എന്തിനേയും സ്വാർത്ഥതയോടെ സ്വന്തമാക്കിയാൽ പിന്നെ അതിനത്ര ഭംഗി ഉണ്ടാവില്ല. ഒന്നും സ്വന്തമായി ഇല്ലാത്തവന് ഈ ഭൂമിയിലെ എല്ലാം സ്വന്തമാണ്. ആരിൽ നിന്നും ഒന്നും പ്രതീക്ഷിക്കരുത്. നാം പ്രതീക്ഷക്കുന്നതാവില്ല മറ്റുള്ളവർ നമുക്ക് തരുന്നത്. ഒരു ജീവിതമേ ഉള്ളൂ നമുക്ക്,അത്പുഞ്ചിരി കൊണ്ട് അർത്ഥമുള്ളതാക്കുക. ഒരു ചെറു പുഞ്ചിരി കൊണ്ട് വലിയ ശത്രുതപോലും ഇല്ലാതായേക്കാം. അതുക്കൊണ്ട് എപ്പോഴും ചിരിക്കൂ. ചിരിക്കുമ്പോൾ നമ്മുടെ മുഖത്ത് ഒരിക്കലും തീരാത്ത ഭംഗി ഉണ്ടാകുന്നു. എല്ലാവരും പറയണം പുഞ്ചിരിയുടെ അർത്ഥം നീയാണെന്ന്. അത് മാത്രമാവും നമ്മുടെ ജീവിതത്തിലെ ആകെ സമ്പാദ്യം ഏതസുഖത്തിനും ഉത്തമമായ മരുന്നാണ് ചിരി. അതുകൊണ്ട് എന്തിനേയും സുന്ദരമായ ചിരി കൊണ്ട് നേരിടുക.....

ദേവിക . എം
X . A

# സ്നേഹമേ.....

എന്റെ ഭൂമിയായ് വെള്ളമായ് വായുവായ്

എന്റെ നിത്യ നിദാനമാം സ്നേഹമേ..
നെഞ്ചിൽ നീർവീഴ്ച ഞെക്കി ഞെരുക്കവെ
നല്ലരിത്തിള വെള്ളപ്പകർച്ചയായ്
എൻ മുറിപ്പാട് പൊത്തിപ്പൊതിഞ്ഞിടും
പഞ്ഞിയായ് നേർത്ത ശീലയായ്
ചീന്തലായ്....
എന്റെ വേരിന്റെ മണ്ണിൽ വളമായ്..
എന്റെ ചില്ലയ്ക്കു സൂര്യപ്രകാശമായ്...
എന്റെ അന്നമായ് ഉപ്പായ്
എന്റെ നിത്യനിദാനമാം സ്നേഹമേ.........

UVASHREE .G
VIII . C

# എന്റെ അമ്മ

മാനവരാശിയുടെ ചുണ്ടിലെ ഏറ്റവും
മധുരമായ പദമാകുന്ന അമ്മ...
അത് പ്രതീക്ഷയും സ്നേഹവും കൊണ്ട്
നിർഭരമായ പദമാകുന്ന അമ്മ...
ഹൃദയത്തിന്റെ അഗാധയിൽനിന്ന് വരുന്ന
മധുരോദരമായ പദമാകുന്ന അമ്മ...
അമ്മ അതൊരു വികാരമാണ്.
ഓർമ്മയിൽ തെളിയുന്ന സ്നേഹം
എന്റെ അമ്മ
ഓർക്കുമ്പോൾ തെളിയുന്ന നന്മ
എന്റെ അമ്മ ...
വേർപിരിഞ്ഞെങ്കിലും എൻ വിളക്ക്
എന്റെ അമ്മ ....
ഒന്നിനും പകരമല്ല അമ്മ
തൻ ഓർമ്മൾ
പലവഴികൾ ഇടവഴികൾ
ഞാൻ നടന്നെങ്കിലും
അമ്മയെ മാത്രം കണ്ടീലയിന്നോളം
എൻ അമ്മയെ മാത്രം കണ്ടീലയിന്നോളം...

**നൗഫിയ നൗഷാദ്**

X . A

# புத்தகங்கள்

புத்தகங்களை காதலிக்கும் வயதில்
ஒளி மருகும் படிப்பறை
வாசிப்பில் நான் ஆழ்ந்திருக்கும் தனிமையில்
யாரோ அருகே நடமாடுகிறார்கள்
கேவலமான பெருமூச்சு
மெல்லிய அழைப்புடன் பாடல்
சிலசமயம் நீர் வடியும் ஓசை
விலங்குகளின் காலடிச் சத்தம்
தெருக்களின் சந்தடி பிறகு அமைதி
முகவாயை தூக்கி கைகள் முறித்து
முதுகை பின்புறம் சாயத்து
அறை விட்டம் பார்க்கும் கண்களுக்குள்
காலம் குதித்து பின் நோக்கி ஓடுகிறது
இறந்த காலத்தில் இருப்பது மாதிரி
என் நிகழ்காலம் மீண்டிம் காத்திருக்கிறேன்
இப்போது யாரேனும் வரக்கூடும்
என் எதிர்காலப் புத்தகத்தை சுமந்து

Midhulya.M
X . B

# ART PAGE




SARAVANAN. M
VI



JEFRIYAMOL .J
IX




AAKASH. S
VII



ABHILASH .V.J
VIII



ARJUN DHANAPAL
VII




SOORYA .P.S
VII



ARJUN
VII



KAMALESH .M
VII



SANDHYA . R
IX

# ART PAGE



SARAVANAN. V
VII




ARCHANA . S
IX



GUNA
IX



ABHILASH .V. J
VIII



JAYAKALA . V
IX



FIDHA FATHIMA
VIII



ALPHY , IX

# പ്രകൃതീ നീ എത്ര സുന്ദരം



പ്രകൃതീ.......... നീ എത്ര സുന്ദരം
പ്രകൃതീ നീ എത്ര സുന്ദരം
പുഴകളും പൂക്കളും സുന്ദരം
മലയും മരങ്ങളും സുന്ദരം
മലയും മാമരങ്ങളും സുന്ദരം
പ്രകൃതീ......... നീ എത്ര സുന്ദരം മനോഹരം

കിളികളുടെ നാദവും സുന്ദരം
നദികളുടെ താളവും
ഒരുമയുടെ നാളവും സുന്ദരം
പച്ചിലമെത്ത വിരിച്ച പ്രകൃതിയും
വെള്ളിയരഞ്ഞാണമിട്ട നദികളും
പ്രകൃതീ......... നീ എത്ര സുന്ദരം മനോഹരം
പല പല പൂക്കൾ പല പല നിറങ്ങൾ
പല പല ഫലങ്ങൾ പല പല രുചികൾ
പല പല കിളികൾ പല പല സ്വരങ്ങൾ
ഇതാണ് നമ്മുടെ പ്രകൃതി
ഇതാണ് നമ്മുടെ അമ്മ
പ്രകൃതീ......... നീ എത്ര സുന്ദരം

ആൽഫിയ ഷാജഹാൻ
VIII

# வெளிச்சம்



சூரியன் பகலுக்கு வெளிச்சம்
நிலவு இரவுக்கு வெளிச்சம்
அன்பு பாசத்தின் வெளிச்சம்
ஆசை எண்ணத்தின் வெளிச்சம்
செயல் மனதின் வெளிச்சம்
நேர்மை நாணயத்தின் வெளிச்சம்
சிரிப்பு சந்தோஷத்தின் வெளிச்சம்
அழுகை துக்கத்தின் வெளிச்சம்
கோபம் ஏமாற்றத்தின் வெளிச்சம்
சேவை உயர்ந்த மனதின் வெளிச்சம்
ஆசிரியர் மாணவர்களின் வாழ்க்கையில் வெளிச்சம்
வெற்றி முன்னேற்றத்தின் வெளிச்சம்

மாலதி ஜி, **VIII**

# BIODIVERSITY

Biodiversity a portmanteau of " bio" (life) and diversity, generally refers to the variety and variability of life on earth. According to the United Nations, Environment programme (UNEP), Biodiversity typically measure variations at the genetic,the species ,and the ecosystem level. Terrestrial Biodiversity tends to the greater near the equator,which seems to be the result of the warm climate and high primary productivity. Biodiversity is not distributed evenly on earth, and is richest in the topics. These topical forest ecosystems cover less than 10 percent of earth's surface, and contain about 90 percent of the world's species. Marine Biodiversity tends to be highest along coasts in the western pacific, where sea surface temperature is highest and in the mid-latitudinal gradients in species diversity. Biodiversity generally tends to cluster in hotspots, and has been increasing through time, but will be likely to slow in the future.

Hrithika S. , VII

# SCHOOL EVENTS




HEALTH CLUB
62


Thank you